# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 20.08.2026**

## പ്രധാനവാർത്തകൾ

1. പ്രതിസന്ധി ഘട്ടങ്ങളിൽ ഒരുമിച്ച് നിൽക്കാനുള്ള കഴിവാണ് ദക്ഷിണ മേഖലയുടെ കരുത്തെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ദക്ഷിണ മേഖലാ കൗൺസിലിന്റെ 31-ാമത് യോഗത്തിൽ മുഖ്യമന്ത്രി പങ്കെടുത്തു.

2. കൊതുക് ജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനും സമൂഹത്തിന്റെ പൂർണ്ണ പങ്കാളിത്തവും ജാഗ്രതയും അനിവാര്യമെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ.

3. സംസ്ഥാനത്തെ 50 ബഡ്സ് സ്കൂളുകളെ മോഡൽ സ്കൂളുകളായി ഉയർത്തുമെന്ന് മന്ത്രി കെ എം ഷാജി.

4. വിനോദസഞ്ചാര വകുപ്പിന്റെ ഓണം ട്രേഡ് ഫെയർ നാളെ മുതൽ തിരുവനന്തപുരം കനകക്കുന്നിൽ. മന്ത്രി പി.സി. വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യും.

5. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പേര് കേരളം മെട്രോ റെയിൽ ലിമിറ്റഡ് എന്ന് പുനർനാമകരണം ചെയ്യാൻ സംസ്ഥാന സർക്കാരിന് ശുപാർശ.

6. FIH ഹോക്കി ലോകകപ്പ് വനിതാ മത്സരത്തിൽ ഇന്ത്യ-ഇംഗ്ലണ്ട് പോരാട്ടം.

*******************************

PNU TVPM

## ദക്ഷിണ മേഖലാ യോഗം

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ദക്ഷിണ മേഖലാ കൗൺസിലിന്റെ 31-ാമത് യോഗം ചെന്നൈയ്ക്ക് സമീപം കോവളത്ത് നടന്നു. കേരളത്തിന് പുറമേ തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും, തെലങ്കാന ഉപമുഖ്യമന്ത്രി, പുതുച്ചേരി ലഫ്റ്റനന്റ് ഗവർണർ എന്നിവരും പങ്കെടുത്തു. പ്രകൃതിദുരന്തങ്ങൾ ഉൾപ്പെടെയുള്ള പ്രതിസന്ധി ഘട്ടത്തിൽ ഒരുമിച്ച് നിൽക്കാനുള്ള കഴിവാണ് ദക്ഷിണ മേഖലയുടെ കരുത്തെന്ന് യോഗത്തിൽ പങ്കെടുത്തുകൊണ്ട് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. മുല്ലപ്പെരിയാറിൽ നിർമിക്കുന്ന പുതിയ അണക്കെട്ടിൽ നിന്നുള്ള മുഴുവൻ വെള്ളവും തമിഴ്നാടിന് നൽകാമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. അണക്കെട്ടിൻറെ ചിലവ് പൂർണമായും കേരളം വഹിക്കുമെന്നും, അണക്കെട്ടിൻറെ സ്ഥാനവും, രൂപരേഖയും തമിഴ്നാടിന് തീരുമാനിക്കാമെന്നും അദ്ദേഹം പറഞ്ഞു. തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയുമായി ശ്രീ വി ഡി സതീശൻ കൂടിക്കാഴ്ച നടത്തി.

RNU TVPM

******************************

## കെ. മുരളീധരൻ

കൊതുക് ജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനും സമൂഹത്തിന്റെ പൂർണ്ണ പങ്കാളിത്തവും ജാഗ്രതയും അനിവാര്യമാണെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ. ലോക കൊതുക് ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടക്കുന്ന രോഗപ്രതിരോധ

പ്രവർത്തനങ്ങളിൽ ജനങ്ങൾ പൂർണമായി സഹകരിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

******************************

## ബഡ്സ് സ്കൂൾ - മന്ത്രി കെ എം ഷാജി

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ 50 ബഡ്സ് സ്കൂളുകളെ 'മോഡൽ ബഡ്സ് സ്കൂളുകളായി ഉയർത്തുമെന്ന് മന്ത്രി കെ എം ഷാജി. ഇവിടങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുമെന്നും ഇതിനായുള്ള പട്ടിക തയ്യാറായിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ശ്രീനാരായണ ഗുരു സാംസ്കാരിക കേന്ദ്രത്തിൽ സംഘടിപ്പിച്ച ബഡ്സ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

******************************

## ഓണം ഫെയർ സൗജന്യയാത്ര

സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്. എറണാകുളം കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ടിലെ ഓണം മെഗാ ട്രേഡ് ഫെയറിലേക്ക് സൗജന്യ യാത്രക്കായി സജ്ജീകരിച്ചിരിക്കുന്ന രണ്ട് കെഎസ്ആർടിസി ലോഫ്ലോർ എ സി ബസുകളുടെ ഫ്ലാഗ് ഓഫ് നിർവഹിക്കുകയായിരുന്നു മന്ത്രി. ഈ മാസം 25 വരെയാണ് സർവീസ്.

******************************

## ഓണം - ട്രേഡ് ഫെയർ

വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ഓണാഘോഷത്തിന്റെ ഭാഗമായ ട്രേഡ് ഫെയറിന്റെയും എക്സിബിഷന്റെയും ഉദ്ഘാടനം

PRNU TVPM

തിരുവനന്തപുരം കനകക്കുന്നിൽ നാളെ മന്ത്രി പി.സി. വിഷ്ണുനാഥ് നിർവഹിക്കും. ഈ മാസം 30 വരെ നടക്കുന്ന ട്രേഡ് ഫെയറിൽ നൂറോളം സ്റ്റാളുകളാണുള്ളത്. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

*******************************

## തീരദേശം-സമാശ്വാസ പദ്ധതി

തീരദേശ മേഖലയിലെ കുടുംബങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായുള്ള 'സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ രണ്ടാം ഗഡുവായ 20 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവിറങ്ങി. പദ്ധതിക്കായി നടപ്പ് വർഷം 62.463 കോടി രൂപയുടെ ഭരണാനുമതിയാണ് സർക്കാർ നൽകിയിരിക്കുന്നത്. കേന്ദ്ര വിഹിതമായ 10 കോടിയും സംസ്ഥാന വിഹിതമായ 10 കോടിയും ചേർത്ത് ആകെ 20 കോടി രൂപയാണ് ഇപ്പോൾ വിനിയോഗിക്കുന്നത്. മൂന്നാം ഗഡു അടുത്തമാസം അനുവദിക്കും.

RNU TVPM

*******************************

## ഏത്തക്കായ-ഇടുക്കി (ഇൻട്രോ)

ഓണക്കാല വിളവെടുപ്പ് സജീവമായതോടെ സംസ്ഥാനത്ത് ഏത്തക്കായയുടെ വിലയിൽ വലിയ വർദ്ധനവാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കായ അറുപതു രൂപയ്ക്കു മുകളിലാണ് ഇപ്പോൾ കർഷകർക്ക് ലഭിക്കുന്നത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...........**

(വോയ്സ്)

*******************************

## സുരേഷ് ഗോപി

കൊല്ലം നഗരത്തിൽ നടപ്പാക്കുന്ന വിവിധ വിനോദ സഞ്ചാരകേന്ദ്ര വികസനപദ്ധതികളുടെ പുരോഗതി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി വിലയിരുത്തി. അഷ്ടമുടി ജൈവവൈവിധ്യ മേഖലയുമായി ബന്ധപ്പെട്ട നിർമ്മാണ മേഖലകൾ അദ്ദേഹം സന്ദർശിച്ചു. പുനർജനി സാംസ്കാരിക കേന്ദ്രം, ജൈവവൈവിധ്യ പൈതൃക മേഖല, കുട്ടികളുടെ പാർക്ക് എന്നിവയുടെ നിർമ്മാണപുരോഗതിയും കേന്ദ്ര സഹമന്ത്രി വിലയിരുത്തി. ശിവഗിരി സർക്കീട്ടുമായും, ശാന്തിഗിരി ആശ്രമത്തിൻറെ പ്രസാദ് പദ്ധതിയുമായും ബന്ധപ്പെട്ട അവലോകനയോഗവും നടന്നു.

*****************************

## കൊച്ചി മെട്രോ പുനഃർനാമകരണം

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പേര് കേരളം മെട്രോ റെയിൽ ലിമിറ്റഡ് എന്ന് പുനർനാമകരണം ചെയ്യാൻ സംസ്ഥാന സർക്കാരിന് ശുപാർശ. ഇതിനായി സംസ്ഥാന സർക്കാരിന്റെ തത്ത്വത്തിലുള്ള അംഗീകാരം തേടി കെ.എം.ആർ.എൽ സർക്കാരിന് ശുപാർശ സമർപ്പിച്ചു. കൊച്ചിയിലെ മെട്രോ സർവീസുകൾക്ക് പുറമെ, സംസ്ഥാനത്തൊട്ടാകെയുള്ള നഗര ഗതാഗത പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും ലക്ഷ്യമിട്ടാണ് ശുപാർശ സമർപ്പിച്ചത്.

*****************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..**

**( ബ്രേക്ക്....)**

RNU TVPM

******************************

## മുണ്ടക്കൈ-ചൂരൽമല ഉപജീവന പദ്ധതി

മുണ്ടക്കൈ-ചൂരൽമല ദുരന്ത ബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബശ്രീ മുഖേന ഉപജീവനപദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിതരണോദ്ഘാടനം നാളെ മന്ത്രി ടി.സിദ്ദിഖ് നിർവഹിക്കും. ദുരന്തത്തിൽ ഉപജീവനമാർഗം നഷ്ടപ്പെട്ട 150 ഓളം കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം വിതരണം ചെയ്യും. മൈക്രോ പ്ലാൻ പദ്ധതിയിൽ മേഖലയിലെ 433 കുടുംബങ്ങൾക്കാണ് സാമ്പത്തിക പിന്തുണ നൽകുന്നത്.

******************************

RNUTVPM

## എക്സ് ടെൻഡ് (ഇൻട്രോ)

പക്ഷാഘാത ചികിൽസയ്ക്ക് ശേഷം പഴയ ജീവിത രീതിയിലേക്കു തിരിച്ചു പോകാൻ സഹായിക്കുന്ന മാറ്റത്തിന് വഴി തുറന്ന് ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് . ശ്രീ ചിത്ര വികസിപ്പിച്ച എക്സ് ടെൻഡ് വാണിജ്യാടിസ്ഥാനത്തിൽ വിപണയിൽ എത്തിക്കാൻ ഒരുങ്ങുകയാണ്.

**വിശദാംശങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി ....**

(വോയ്സ്)

******************************

## ഹോക്കി ലോകകപ്പ്

നെതർലൻഡ്സിൽ നടക്കുന്ന FIH ഹോക്കി ലോകകപ്പിൽ ഇന്ത്യൻ വനിതാ ടീം ഇംഗ്ലണ്ടിനെ നേരിടുന്നു. വിജയമോ സമനിലയോ

നേടിയാൽ ഇന്ത്യക്ക് പൂളിൽ ഒന്നാമതെത്തി അടുത്ത റൗണ്ടിലേക്ക് നേരിട്ട് യോഗ്യത നേടാം. പുരുഷ വിഭാഗത്തിൽ ഇന്നലെ നടന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ അടുത്ത റൗണ്ടിലേക്ക് യോഗ്യത നേടി.

******************************

## നെഹ്രുട്രോഫി

നെഹ്രുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. മറ്റന്നാൾ പുന്നമടക്കായലിൽ നടക്കുന്ന 72-ാമത് നെഹ്റു ട്രോഫി ജലോത്സവത്തിൽ 71 ജലരാജാക്കന്മാരാണ് മത്സരിക്കുന്നത്. ആലപ്പുഴ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റെന്നാൾ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുപരീക്ഷകൾക്ക് മാറ്റമില്ല.

******************************

## തൂഫാൻ

മയക്കുമരുന്നിനെതിരായ ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ ആകെ അറസ്റ്റിലായവരുടെ എണ്ണം പതിനായിരം പിന്നിട്ടു. കഴിഞ്ഞ ദിവസം നടത്തിയ പരിശോധനകളിൽ 74 പേർ കൂടി അറസ്റ്റിലായതോടെ അറസ്റ്റിലായവരുടെ എണ്ണം 10,015 ആയി. ആകെ 9,280 കേസുകളാണ് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

******************************

PNU TVPM

## ഗവർണർ : കൊങ്കിണി പരിഭാഷ

ശ്രീനാരായണ ഗുരുദേവൻ രചിച്ച, 'ദൈവദശക'ത്തിന്റെ കൊങ്കണി പരിഭാഷ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്ക് കൈമാറി. കൊങ്കണി അംഗീകാര ദിനത്തോടനുബന്ധിച്ച് ലോക്ഭവനിൽ നടന്ന ചടങ്ങിലാണ് പരിഭാഷയുടെ പ്രതി കൈമാറിയത്. ദൈവദശകം കൊങ്കണി ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയ കവി ആർ. എസ്. ഭാസ്കർ ചടങ്ങിൽ പരിഭാഷ അവതരിപ്പിച്ചു.

*****************************************************************************************

RNU TVPM